**പതിമൂന്നാം കേരള നിയമസഭ**

# പിന്നോക്കസമുദായ ക്ഷേമ സമിതി
# (2014-2016)

**ഏഴാമത് റിപ്പോർട്ട്**

(2014 ഡിസംബർ 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# പിന്നോക്കസമുദായ ക്ഷേമ സമിതി
# (2014-2016)

## ഏഴാമത് റിപ്പോർട്ട്

(2014 ഡിസംബർ 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

16/2015.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

# പിന്നോക്കസമുദായ ക്ഷേമ സമിതി (2014-2016)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. സി. മമ്മൂട്ടി

അംഗങ്ങൾ :

ശ്രീ. കെ. അച്ചുതൻ

ശ്രീ. വി. റ്റി. ബൽറാം

ശ്രീ. എ. റ്റി. ജോർജ്

ശ്രീമതി ജമീലാ പ്രകാശം

ശ്രീ. സി. കൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. ആർ. സെൽവരാജ്

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

## മുഖവുര

പിന്നോക്കസമുദായ ക്ഷേമ സമിതിയുടെ (2014-2016) അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2014 നവംബർ 25-ാം തീയതി ചേർന്ന സമിതി യോഗമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

സി. മമ്മൂട്ടി,

*അദ്ധ്യക്ഷൻ,*
*പിന്നോക്കസമുദായ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2014 ഡിസംബർ 5.

# റിപ്പോർട്ട്

കേരള നിയമസഭയുടെ പിന്നോക്കസമുദായ ക്ഷേമ സമിതി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ സന്ദർശനം നടത്തുകയും പിന്നോക്കസമുദായത്തിൽ പ്പെട്ടവർക്ക് സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റ് സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലും നിയമനങ്ങളിലുള്ള സംവരണം സംബന്ധിച്ചും അർഹമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്നതു സംബന്ധിച്ചും വിശദമായ തെളിവെടുപ്പുകളും അവലോകനങ്ങളും പഠനവും നടത്തുകയും ചെയ്യുന്നുണ്ട്. ഇത്തരം സന്ദർശന യോഗങ്ങളിൽനിന്നും ലഭിച്ച നിവേദനങ്ങൾ/ഹർജികൾ എന്നിവയിൽ സർക്കാർ സ്വീകരിച്ച നടപടികളും സമിതി നൽകിയ ശിപാർശകളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ടിൽ 2013-ൽ സമിതിയോഗം പരിഗണിച്ച വിവിധ ഹർജികളിന്മേലുള്ള സർക്കാർ മറുപടികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

റിപ്പോർട്ടിലെ 1, 2, 3, 4, 6, 11, 13, 16 എന്നീ ക്രമനമ്പരുകളിലെ ഹർജികളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച മറുപടികൾ സമിതി അംഗീകരി ക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കുകയും 7, 10, 14 എന്നീ ക്രമനമ്പരുകളിലെ ഹർജികളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച മറുപടികളുടെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിച്ചിട്ടുള്ളതുമാണ്.

റിപ്പോർട്ടിലെ 5, 8, 9, 12, 15, 17 എന്നീ ക്രമനമ്പരുകളിലെ ഹർജികളിന്മേ ലുള്ള സമിതിയുടെ ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ അടിയന്തരമായി നടപടി സ്വീകരിച്ച് സമിതിയെ അറിയിക്കേണ്ടതാണ്.

1. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ശ്രീധരി കല്യാണി സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 9432/ബി.സി.സി.2/02/ലെജി.)

ശ്രീമതി ശ്രീധരി കല്യാണിയുടെ ഹർജിയിന്മേൽ സാമൂഹ്യക്ഷേമ (സി) വകുപ്പിൽനിന്നും 28-8-2010-ലെ 8483/സി1/09/സാ.ക്ഷേ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ച സർക്കാർ മറുപടി ചുവടെ ചേർക്കുന്നു:

"സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ പദ്ധതിപ്രകാരം ധനസഹായത്തിനായി ശ്രീമതി കല്യാണി എന്ന ശ്രീധരിയുടെ സഹോദരനായ ശ്രീ. ടി. വി. സ്വാമി സമർപ്പിച്ച അപേക്ഷയിന്മേൽ 15-3-2002-ൽ പെരുമണ്ണ ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി വിവാഹ ധനസഹായം അനുവദിക്കുകയും അതിനു വേണ്ടുന്ന തുക 25-3-2004-ൽ ശ്രീ. ടി. വി. സ്വാമിയുടെ പേരിൽ ചെക്ക് എഴുതിയിട്ടുള്ളതാണെന്നും എന്നാൽ പ്രസ്തുത ചെക്ക് സഹോദരനും സഹോദരിയും തമ്മിലുള്ള തർക്കംമൂലം കൈപ്പറ്റാതെ റദ്ദായിപ്പോയിട്ടുള്ളതും ഇപ്പോൾ ടിയാളുടെ

സഹോദരൻ മരണപ്പെട്ട് പോകുകയും ചെയ്തിട്ടുള്ളതായി കോഴിക്കോട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു".

11-1-2011-ൽ ചേർന്ന സമിതി യോഗം മേൽപ്പറഞ്ഞ മറുപടി പരിഗണിക്കുകയും ഹർജിക്കാരിയുടെ സഹോദരനായ ശ്രീ. ടി. വി. സ്വാമിയുടെ പേരിൽ 15-3-2002-ൽ പെരുമണ്ണ ഗ്രാമപഞ്ചായത്തിൽനിന്നും അനുവദിച്ച തുക ടിയാനോ ഹർജിക്കാരിക്കോ നൽകാൻ കഴിയാതിരുന്ന സാഹചര്യത്തിൽ ഹർജിക്കാരിയുടെ അപേക്ഷ പുനഃപരിശോധിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെടാൻ സമിതി തീരുമാനിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 17-12-2011-ലെ 2810/സി1/2011/ സാ.ക്ഷേ.വ. നമ്പർ കത്ത് പ്രകാരം സാമൂഹ്യക്ഷേമ (സി) വകുപ്പിൽനിന്നും ലഭിച്ച മറുപടി ഇപ്രകാരമായിരുന്നു:

"ശ്രീമതി ശ്രീധരി കല്യാണിയുടെ സഹോദരന് 15-3-2002-ൽ പെരുമണ്ണ ഗ്രാമപഞ്ചായത്തിൽനിന്നും വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായത്തിനായി അനുവദിച്ച്, ആരും കൈപ്പറ്റാതെ പോയ തുക 17-10-2011-ലെ സ.ഉ. (സാധാ.) നമ്പർ 376/2011/സാ.ക്ഷേ.വ. പ്രകാരം ശ്രീമതി ശ്രീധരി കല്യാണിക്ക് അനുവദിച്ചുവെന്ന വിവരം സമിതിയുടെ അറിവിലേക്കായി സമർപ്പിക്കുന്നു".

ബന്ധപ്പെട്ട വകുപ്പിന്റെ ഭാഗത്തുനിന്നും കാലതാമസം ഉണ്ടായെങ്കിലും സമിതിയുടെ ഇടപെടൽമൂലം അർഹമായ ധനസഹായം ഹർജിക്കാരിക്ക് അനുവദിച്ചു കിട്ടുവാൻ കഴിഞ്ഞതിൽ സമിതി തൃപ്തി രേഖപ്പെടുത്തുന്നു.

2. കണ്ണൂർ ജില്ലയിൽ ആരോഗ്യ വകുപ്പ് നടത്തുന്ന ചട്ട വിരുദ്ധ നിയമനങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് കേരള നാടാർ മഹാജനസംഘം ജില്ലാ ഓർഗനൈസർ ശ്രീ. മോഹൻ കുമാർ, കണ്ണൂർ സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 1124/ബി.സി.സി.2/07/നി.സെ.)

പ്രസ്തുത ഹർജിയിന്മേൽ 10-5-2010-ലെ 27034/എഫ്2/08/ആ.കു.വ. നമ്പർ കത്തു മുഖേന ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് 3-8-2010-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധിക വിവരങ്ങൾ ആരായുകയുമുണ്ടായി. സമിതി ആരാഞ്ഞ അധികവിവരത്തിന്മേൽ 13-5-2013-ലെ 7194/എഫ്2/13/ആ.കു.വ. നമ്പർ കത്ത് മുഖേന വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:

| നമ്പർ | ആവശ്യപ്പെട്ടിരുന്ന വിവരം | മറുപടി |
|---|---|---|
| (1) | (2) | (3) |
| 1 | കണ്ണൂർ ജില്ലയിലെ ആരോഗ്യ വകുപ്പിൽ താൽക്കാലിക ദിവസവേതനാടിസ്ഥാനത്തിൽ നടത്തിയ നിയമനങ്ങളിൽ സംവരണം പാലിച്ചിട്ടുണ്ടോ? | ഇല്ല |

| (1) | (2) | (3) |
|---|---|---|
| 2 | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ പത്രപ്പരസ്യം ചെയ്തോ നിയമനം നടത്തിയിട്ടുണ്ടോ ? | ഇല്ല |
| 3 | എത്ര പേരെ പാർട്ട് ടൈം സ്വീപ്പർ, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 എന്നീ തസ്തികകളിൽ നിയമിച്ചിട്ടുണ്ട് ?<br>1. പാർട്ട് ടൈം സ്വീപ്പർ<br>2. എച്ച്.എ. ഗ്രേഡ്-2 | നിയമനം നടത്തിയിട്ടില്ല<br>85 |
| 4 | എത്ര പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട് ?<br>1. പാർട്ട് ടൈം സ്വീപ്പർ<br>2. എച്ച്.എ. ഗ്രേഡ്-2 | ഇല്ല<br>83 |
| 5 | അവരുടെ കാലാവധി എന്ന് അവസാനിപ്പിക്കും? | വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് |
| 6 | കുടുംബശ്രീ യൂണിറ്റിൽ നിന്നും നിയമനം നടത്തണമെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ? | റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത അടിയന്തര ഘട്ടങ്ങളിൽ താൽക്കാലിക ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തണമെന്ന ഉത്തരവ് പ്രസ്തുത കാലയളവിൽ പ്രാബല്യത്തിലുണ്ട് |
| 7 | പ്രസ്തുത നിയമനം നടത്തിയതിന്റെ ഫൈനൽ ലിസ്റ്റ് ആവശ്യപ്പെടുന്നു | വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് |

17-7-2013-ൽ ചേർന്ന സമിതി യോഗം ഈ മറുപടി പരിഗണിക്കുകയും മറുപടി തൃപ്തികരമല്ലെന്നും നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ പത്രപ്പരസ്യം നൽകിയോ അല്ല നടത്തിയിരിക്കുന്നതെന്നും വിലയിരുത്തുകയുണ്ടായി. നിയമനങ്ങളിൽ സംവരണം പാലിക്കണമെന്ന സർക്കാർ നിർദ്ദേശം നിലനിൽക്കെ അതിനു വിരുദ്ധമായി നിയമനം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്തു. കൂടാതെ, സംവരണം പാലിക്കാത്തതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കണമെന്നും സമിതി നിർദ്ദേശിച്ചു. പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പിൽനിന്നും 21-10-2014, 13-11-2014 എന്നീ തീയതികളിലെ

40238/എഫ്2/2013/ആ.കു.വ. നമ്പർ കത്തുകൾ പ്രകാരം ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"മുൻ ആരോഗ്യ വകുപ്പുമന്ത്രി 13-12-2006-ൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അയച്ച കത്തിന്റെ അടിസ്ഥാനത്തിലാണ് കണ്ണൂർ ജില്ലയിൽ താൽക്കാലിക പാർട്ട് ടൈം ജീവനക്കാരെ നിയമിച്ചിട്ടുള്ളതെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ സമിതി നിർദ്ദേശിച്ച പ്രകാരം തളിപ്പറമ്പ് താലൂക്ക് ആശുപത്രിയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ ലിസ്റ്റിൽ പ്രസ്തുത ജീവനക്കാർ ജോലിയിൽ പ്രവേശിച്ച തീയതിയും വിടുതൽ ചെയ്ത തീയതിയും രേഖപ്പെടുത്തി അപാകതകൾ പരിഹരിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട് ".

പ്രസ്തുത റിപ്പോർട്ടുകളും വിശദാംശങ്ങളും 25-11-2014-ലെ സമിതി യോഗം പരിഗണിക്കുകയും ദിവസ വേതനാടിസ്ഥാനത്തിൽ ക്ലീനിംഗ് സ്റ്റാഫിന്റെ നിയമനവുമായി ബന്ധപ്പെട്ട് സ്ഥാപനം സ്ഥിതി ചെയ്യുന്ന ലോക്കൽ ബോഡിയിലെ താമസക്കാരിൽനിന്നും അപേക്ഷ ക്ഷണിക്കണമെന്ന് മുൻ ആരോഗ്യ വകുപ്പുമന്ത്രി നിർദ്ദേശിച്ചിരുന്നുവെങ്കിലും നിയമനങ്ങൾ പത്രപരസ്യം നൽകിയല്ല നടത്തിയിരിക്കുന്നതെന്ന് വിലയിരുത്തിയ സമിതി ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന മുൻ സമിതി ശിപാർശയിന്മേൽ വകുപ്പ് നടപടി സ്വീകരിക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തുകയുണ്ടായി. ദിവസ വേതനാടിസ്ഥാനത്തിലുള്ള താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ പത്രപരസ്യം വഴി സംവരണം പാലിച്ചോ നടത്തണമെന്ന സമിതിയുടെ നിലപാട് ആവർത്തിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

3. <u>വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് അഖിലേന്ത്യാ നാടാർ അസോസിയേഷൻ സമർപ്പിച്ച ഹർജി</u>

(ഫയൽ നമ്പർ 2439/ബി.സി.സി.2/09/ലെജി.)

അഖിലേന്ത്യാ നാടാർ അസോസിയേഷൻ സമർപ്പിച്ച ഹർജിയിൽ 7 ആവശ്യങ്ങളാണ് ഉന്നയിച്ചിരുന്നത്. ഇതിലെ ആദ്യത്തെ ആവശ്യം '+2 തലംമുതലുള്ള എല്ലാ കോഴ്സുകൾക്കും പഠിക്കുന്നതിന് 3% സംവരണം ഏർപ്പെടുത്തുക' എന്നതാണ്. ഇതിന് 10-2-2010-ലെ 14445/എഫ്2/09/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ് നൽകിയ മറുപടി 'ഇക്കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല' എന്നതായിരുന്നു.

'പിന്നോക്കാവസ്ഥ കണക്കിലെടുത്ത് നാടാർ ജാതിയിലുള്ള പഠിതാക്കൾക്ക് എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കു നൽകിവരുന്ന ലംപ്സം ഗ്രാൻഡ് ഉൾപ്പെടെയുള്ള എല്ലാവിധ സാമ്പത്തിക സഹായവും മറ്റ് ആനുകൂല്യങ്ങളും നൽകുക' എന്ന രണ്ടാമത്തെ ആവശ്യത്തിന്മേൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ലഭിച്ച മറുപടി ചുവടെ ചേർക്കുന്നു:

'ഹിന്ദു നാടാർ വിഭാഗത്തെ OBH'ലാണ് ഉൾപ്പെടുത്തിയിട്ടുള്ളത് OBC-കാർക്ക് നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യത്തിനു മാത്രമേ ഇവർക്ക് അർഹതയുള്ളൂ.

വരുമാനപരിധിയുടെ അടിസ്ഥാനത്തിൽ അർഹതയുള്ളവർക്ക് ആനുകൂല്യം അനുവദിച്ചു വരുന്നുണ്ട്. ആയതിനാൽ ഈ ആവശ്യം തല്ക്കാലം പരിഗണിക്കാൻ കഴിയുകയില്ല.' 12-5-2010-ൽ ചേർന്ന സമിതി യോഗം ഒന്നും രണ്ടും ആവശ്യങ്ങളിന്മേലുള്ള റിപ്പോർട്ടുകൾ അംഗീകരിച്ചു.

ഹർജിയിലെ മൂന്നാമത്തെ ആവശ്യം 'നാടാർ ജാതിക്ക് 3% ഉദ്യോഗസംവരണം അനുവദിക്കുക' എന്നതാണ്. ഈ ആവശ്യത്തിന്മേൽ 25-7-2009-ലെ 14445/എഫ്2/09/ പജപവവിവ. നമ്പർ കത്തു മുഖേന പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

'സോഷ്യോ എക്കണോമിക് സർവ്വേ നടത്തിയതിനുശേഷമേ സംവരണ കാര്യത്തിൽ ഭേദഗതി വരുത്തുന്നകാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂവെന്ന് അറിയിക്കുന്നു'.

ഹർജിയിലെ നാലാമത്തെ ആവശ്യം 'നാടാർ ജാതിയുടെ പേരിൽ വ്യാജ ജാതി സർട്ടിഫിക്കറ്റുകൾ ഉണ്ടാക്കി നാടാർ ജാതിയുടെ വിദ്യാഭ്യാസ ഉദ്യോഗ സംരംഭങ്ങൾ തട്ടിയെടുത്തുകൊണ്ടിരിക്കുന്നവരെപ്പറ്റി വിശദമായി അന്വേഷിക്കുകയും അവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുക' എന്നതാണ്. ഇതിന്മേൽ 3-10-2012-ലെ 65188/റ്റി2/2009/ആർ.ഡി. നമ്പർ കത്തു പ്രകാരം റവന്യൂ (റ്റി) വകുപ്പിൽ നിന്നും ലഭിച്ച മറുപടി ചുവടെ ചേർക്കുന്നു:

"ഈ വിഷയത്തിൽ ജില്ലാ കളക്ടർ മുഖാന്തിരം അന്വേഷണം നടത്തുകയുണ്ടായെന്നും ജാതി സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷകളിൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും അപേക്ഷകനും മാതാപിതാക്കളും ഏതു ജാതി/മതത്തിൽ ജനിച്ചു വളർന്നവരാണെന്നും ഏത് മതാചാരപ്രകാരം ജീവിക്കുന്നുവെന്നും വില്ലേജാഫീസർ വിശദമായ പ്രാദേശികാന്വേഷണം നടത്തിയും ജാതി സർട്ടിഫിക്കറ്റ് അനുവദിച്ചുവരുന്നുവെന്നും നാടാർ ജാതിയുടെ പേരിൽ വ്യാജ സർട്ടിഫിക്കറ്റ് കരസ്ഥമാക്കി ഉദ്യോഗ-വിദ്യാഭ്യാസ അവകാശങ്ങൾ തട്ടിയെടുത്തതായി പരാതികളൊന്നും ലഭിച്ചിട്ടില്ല എന്നും ഇപ്രകാരം വ്യാജ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് ശ്രദ്ധയിൽപ്പെടുന്നപക്ഷം നിയമപരമായ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു".

22-5-2013-ൽ ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് പരിഗണിക്കുകയും മറുപടി ഹർജിക്കാരനെ അറിയിക്കുവാനും ഈ വിഷയം സംബന്ധിച്ച് വ്യക്തമായ പരാതികൾ ഉണ്ടെങ്കിൽ ആയത് ബന്ധപ്പെട്ടവർക്ക് നൽകാവുന്നതാണ് എന്ന് നിർദ്ദേശിക്കുകയും ചെയ്തു.

'കേരള പി.എസ്.സി. നിലവിൽവന്നിട്ട് ഇന്നുവരെയും നാടാർ (ഹിന്ദു നാടാർ) ജാതിയിൽ ആരെയും അംഗമായി എടുത്തിട്ടില്ല. ഈ അപാകത ഉടൻ പരിഹരിക്കുക' എന്നതാണ് ഹർജിയിലെ അഞ്ചാമത്തെ ആവശ്യം. ഇതിന് പൊതുഭരണ വകുപ്പ് 7-9-2009-ലെ 55352/സ്പെ.ഇ 1/09/പൊ.ഭ.വ. നമ്പർ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ 'കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങളുടെ നിയമനത്തിൽ ജാതീയമോ മതപരമോ ആയ യാതൊരുവിധ പ്രത്യേക പരിഗണനയും നൽകി വരുന്നില്ല ' എന്ന് മറുപടി നൽകിയിരുന്നു.

ഹർജിയിലെ ആറാമത് ആവശ്യം 'നാടാർ ജാതി തിരുവിതാംകൂർ പ്രദേശത്തിൽ ഏറ്റവും പ്രബലമായ ഒരു ഹിന്ദു സമൂഹം ആയിരുന്നിട്ടുപോലും ക്ഷേത്ര ഭരണത്തിൽ പ്രാതിനിധ്യം (ബോർഡംഗത്വം) നൽകിയിട്ടില്ല. ഈ അപാകത ഉടനെ പരിഹരിക്കുക' എന്നതാണ്. ഈ ആവശ്യത്തിന്മേൽ റവന്യൂ (ദേവസ്വം) വകുപ്പ് 3-10-2009-ലെ 42534/ദേവ 2/09/ആർ.ഡി. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"2007-ലെ തിരു കൊച്ചി ഹിന്ദു മതസ്ഥാപന (ഭേദഗതി) നിയമത്തിലോ 2008-ലെ ഹിന്ദുമത ധർമ്മസ്ഥാപന (ഭേദഗതി) നിയമത്തിലോ 1978-ലെ ഗുരുവായൂർ ദേവസ്വം നിയമത്തിലോ 2005-ലെ കൂടൽമാണിക്യം ദേവസ്വം നിയമത്തിലോ ഒന്നും തന്നെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനല്ലാതെ മറ്റേതെങ്കിലും ജാതിക്കോ സമുദായത്തിനോ സംഘടനയ്ക്കോ പ്രാതിനിധ്യം നൽകിക്കൊണ്ട് ദേവസ്വം ബോർഡ് അഥവാ ദേവസ്വം കമ്മിറ്റികളുടെ ഘടന രൂപീകരിക്കണമെന്ന് നിയമ വ്യവസ്ഥ ചെയ്തിട്ടില്ല. അംഗങ്ങൾ ഹിന്ദുക്കളായിരിക്കണമെന്നെ വ്യവസ്ഥയുള്ളൂ. അതിനാൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനല്ലാതെ മറ്റു ഹൈന്ദവ വിഭാഗങ്ങൾക്കൊന്നുംതന്നെ നിലവിൽ ദേവസവ്ം ബോർഡുകളിലോ കമ്മിറ്റികളിലോ പ്രാതിനിധ്യം നൽകിവരുന്നില്ല. ഹിന്ദുമത വിശ്വാസിയും ക്ഷേത്രാരാധനയിൽ വിശ്വാസമുള്ള ഒരു നാടാർ വിഭാഗത്തിൽപ്പെട്ടയാളെ ദേവസ്വം നിയമങ്ങൾ അനുശാസിക്കുന്ന അയോഗ്യതകളൊന്നുമില്ലെങ്കിൽ മറ്റേതു സമുദായത്തെയുംപോലെ തന്നെ ദേവസ്വം ബോർഡുകളിലേക്കോ കമ്മിറ്റികളിലേക്കോ പരിഗണിക്കപ്പെടാവുന്നതാണ് ".

ഹർജിയിലെ 'സർക്കാർ ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയുടെ ഭരണത്തിൽ യാതൊരു പ്രാതിനിധ്യവും നൽകിയിട്ടില്ല. ഈ അപാകത ഉടനെ പരിഹരിക്കുക' എന്ന ഏഴാമത്തെ ആവശ്യത്തിന്മേൽ തൊഴിലും പുനരധിവാസവും (ജെ) വകുപ്പിൽനിന്നും 22-9-2009-ലെ 18899/ജെ2/09/തൊഴിൽ നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി ചുവടെ ചേർക്കുന്നു:

"തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ക്ഷേമനിധി ബോർഡുകളിൽ അവയ്ക്ക് ബാധകമായ നിയമാവലി അനുസരിച്ച് തൊഴിലുടമ, തൊഴിലാളികൾ, സർക്കാർ എന്നിവരിൽ നിന്നാണ് ബോർഡ് അംഗങ്ങളെ നിശ്ചയിക്കുന്നത്. ഇത്തരത്തിൽ അംഗങ്ങളെ നിശ്ചയിക്കുന്നത് ജാതി-മത പരിഗണനകൾ കണക്കിലെടുക്കാതെ ബന്ധപ്പെട്ട തൊഴിലാളികൾക്ക് പരമാവധി ക്ഷേമം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ്. നിലവിലെ നിയമമനുസരിച്ച് ഇത് തൊഴിലാളികളുടെ ക്ഷേമം ഉറപ്പു വരുത്തുന്നുണ്ട്. അതിനാൽ തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ ജാതിമത പരിഗണനകൾ നൽകി ബോർഡംഗങ്ങളെ തീരുമാനിക്കുവാൻ സാധിക്കില്ലെന്ന് അറിയിക്കുന്നു".

ഹർജിയിലെ 3, 5, 6, 7 എന്നീ ആവശ്യങ്ങളിന്മേലുള്ള സർക്കാർ മറുപടികൾ 8-12-2009-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ഹിന്ദു നാടാർ സമുദായത്തിന് ഉദ്യോഗ നിയമനവുമായി ബന്ധപ്പെട്ട് പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന അധിക വിവരം ആരായുകയും ചെയ്തിരുന്നു. ഇതിന് 'ഹിന്ദു നാടാർ സമുദായത്തിന് ഉദ്യോഗ സംവരണവുമായി ബന്ധപ്പെട്ട് 21-11-2009-ലെ സ.ഉ. (കൈ.) നമ്പർ 104/09/ പജപവവിവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് ' എന്ന റിപ്പോർട്ട് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് 14-3-2012-ലെ 11439/എഫ്3/11/പജപവവിവ. കത്തു മുഖേന നൽകുകയും പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുകയും ചെയ്തിരുന്നു. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഹർജിക്കാരന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

4. ഇൻഫർമേഷൻ കേരള മിഷനിൽ ഉദ്യോഗ നിയമനങ്ങളിൽ സംവരണ തത്വം പാലിക്കുന്നില്ലെന്ന 'മെക്ക'യുടെ ഹർജി

(ഫയൽ നമ്പർ 2466/ബി.സി.സി2/09/ലെജി.)

ഇൻഫർമേഷൻ കേരള മിഷനിൽ മുസ്ലീങ്ങൾക്ക് ഉദ്യോഗ നിയമനങ്ങളിൽ 6.5% സംവരണമേ ലഭിക്കുന്നുള്ളൂവെന്നും നിലവിലുള്ള സംവരണ നിയമപ്രകാരം അവകാശപ്പെട്ട 12% സംവരണം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നതുമാണ് ഹർജിയിലെ ആവശ്യം.

പ്രസ്തുത ഹർജിയിന്മേൽ 9-11-2009-ൽ തദ്ദേശസ്വയംഭരണ (ഐ.ബി.) വകുപ്പ് 26392/ഐ.ബി.1/09/തസ്വഭവ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ഇപ്രകാരമായിരുന്നു:

"ഇൻഫർമേഷൻ കേരള മിഷൻ ഒരു സമയബന്ധിത പ്രോജക്ട് ആണ്. ഇതിന്റെ കാലാവധി 31-3-2010 വരെയാണ്. ഈ പ്രോജക്ടിൽ പ്രവർത്തിക്കുന്നവരെല്ലാം തന്നെ പ്രോജക്ട് കാലാവധി പൂർത്തിയാക്കുന്നതുവരെ മാത്രമേ തുടരുകയുള്ളൂവെന്നും ആയതിനാൽ 12% സംവരണം ലഭിക്കുന്നതിനായി പ്രത്യേക നിയമനം നടത്തണമെന്ന ആവശ്യം പ്രസക്തമാണെന്നു കാണുന്നില്ല".

3-2-2010-ൽ ചേർന്ന സമിതി യോഗം ഈ മറുപടി പരിഗണിക്കുകയും ദിവസവേതനക്കാരെ നിയമിക്കുമ്പോൾ പോലും സംവരണം പാലിക്കണമെന്ന് സർക്കാർ വ്യവസ്ഥയുള്ളപ്പോൾ ഇൻഫർമേഷൻ കേരള മിഷൻ ആരംഭിച്ച സമയത്ത് ഉദ്യോഗ നിയമനങ്ങളിൽ സംവരണം പാലിക്കാത്തതിന്റെ കാരണമെന്താണെന്നും ഉദ്യോഗാർത്ഥികളെ നിയമനത്തിന് തെരഞ്ഞെടുക്കുന്നത് ഏതെല്ലാം രീതിയിലാണ്, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നുണ്ടോ, പ്രോജക്ടിന്റെ കാലാവധി പൂർത്തിയാകുമ്പോൾ

നിലവിലുള്ള സ്റ്റാഫിനെ എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്, അവരെ ജോലിയിൽ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ, എന്നിവ സംബന്ധിച്ച അധിക വിവരങ്ങൾ ആരായുവാനും തീരുമാനിക്കുകയുണ്ടായി. ഇതിനു മറുപടിയായി 1-11-10-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് 21142/ഐ.ബി.1/10/തസ്വഭവ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ഇൻഫർമേഷൻ കേരള മിഷൻ ഒരു സമയബന്ധിത പ്രോജക്ട് ആയതിനാൽ ആരംഭഘട്ടത്തിൽ സംവരണം പാലിക്കാതെ താൽക്കാലികമായി ജീവനക്കാരെ നിയമിക്കുകയായിരുന്നു. ഏതാനും തസ്തികകളിൽ ഡെപ്യൂട്ടേഷൻ വഴിയും മറ്റുമുള്ളവയിൽ പത്രപരസ്യത്തിലൂടെ അപേക്ഷ ക്ഷണിച്ച് സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശ അനുസരിച്ചുമാണ് നിയമനം നടത്തുന്നത്. ജീവനക്കാരുടെ തരം തിരിച്ചുള്ള വിശദവിവരം താഴെപ്പറയും പ്രകാരമാണ്:

| | | |
|---|---|---|
| പട്ടികജാതി | .. | 27 |
| പട്ടികവർഗ്ഗം | .. | - |
| ഒ.ബി.സി. | .. | 231 |
| മറ്റുള്ളവർ | .. | 125 |

പ്രോജക്ട് കാലാവധി പൂർത്തിയാകുമ്പോൾ ജീവനക്കാരുടെ സേവനത്തെ സംബന്ധിച്ച് സർക്കാർ ഉചിതമായ തീരുമാനം എടുക്കുന്നതാണ്".

8-3-2011-ലെ സമിതി യോഗം പ്രസ്തുത മറുപടി പരിഗണിക്കുകയും വകുപ്പ് ലഭ്യമാക്കിയ ജാതി തിരിച്ചുള്ള സ്റ്റേറ്റ്മെന്റിൽ ഒ.ബി.സി. വിഭാഗത്തിന് നൽകിയ 231 നിയമനങ്ങളിൽ ഓരോ സമുദായത്തിലും എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടെന്നതു സംബന്ധിച്ച ലിസ്റ്റും താൽകാലിക നിയമനം ലഭിച്ച എത്ര ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്നത് സംബന്ധിച്ച വിവരവും ബന്ധപ്പെട്ട വകുപ്പിൽനിന്നും ലഭ്യമാക്കാൻ നിർദ്ദേശിക്കുകയുമുണ്ടായി. 23-8-12-ലെ 31322/ഐബി1/2011/ ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം വകുപ്പിൽ നിന്നും ലഭിച്ച മറുപടി ചുവടെ ചേർക്കുന്നു:

"ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) ഒരു മിഷൻ മോഡ് പ്രോജക്ട് ആണ്. 3-11-08-ലെ സ.ഉ. (സാധ.) 3865/2008/തസ്വഭവ. ഉത്തരവ് പ്രകാരം ഇൻഫർമേഷൻ കേരള മിഷനിൽ 440 പേരുടെ ഒരു സ്റ്റാഫ് പാറ്റേൺ അംഗീകരിച്ചിരുന്നു. ഇതിൽ ഡെപ്യൂട്ടേഷൻ തസ്തികകളൊഴികെയുള്ള തസ്തികകളിൽ ജീവനക്കാർക്ക് കൺസോളിഡേറ്റഡ് പേ ആണ് നൽകിവരുന്നത്. 31-3-2013 വരെ മാത്രമാണ് ഇൻഫർമേഷൻ കേരള മിഷന്റെ കാലാവധി ദീർഘിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ തസ്തികകളെല്ലാം സ്ഥിരം തസ്തികകൾ ആണെന്ന് പറയാൻ സാധിക്കുകയില്ല. 31-3-2013-ന് ശേഷം ഇൻഫർമേഷൻ കേരള മിഷനെ ഒരു സൊസൈറ്റിയായി നിലനിർത്താനുള്ള നിർദ്ദേശവും സർക്കാരിന്റെ പരിഗണനയിലുണ്ട്".

22-5-2013-ൽ ചേർന്ന സമിതിയോഗം പ്രസ്തുത മറുപടിയും ഇൻഫർമേഷൻ കേരള മിഷനിലെ നിയമനങ്ങളിൽ ഒ.ബി.സി.യിലെ ഓരോ വിഭാഗത്തിലും എത്രപേർ

ഉൾപ്പെട്ടിട്ടുണ്ടെന്നുള്ളത് സംബന്ധിച്ച സ്റ്റേറ്റ്മെന്റും വിശദമായി പരിശോധിക്കുകയും ഇൻഫർമേഷൻ കേരള മിഷൻ 31-3-2013-നുശേഷം ഒരു സൊസൈറ്റിയായി നിലനിർത്തുന്നപക്ഷം സംവരണതത്വങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് ബാക്ക് ലോഗ് കൂടി നികത്തി തുടർനിയമനങ്ങൾ നടത്തണമെന്നും താത്കാലിക നിയമനങ്ങൾക്കും സംവരണം പാലിക്കണമെന്നും ബന്ധപ്പെട്ട വകുപ്പിനോട് ശിപാർശ ചെയ്യുകയും മറുപടി ഹർജിക്കാരനെ അറിയിച്ചശേഷം ഫയൽ നടപടികൾ അവസാനിപ്പിക്കുവാനും തീരുമാനിച്ചു.

5. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ റിഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ് II (പ്രോസ്റ്റെറ്റിക്സ്) തസ്തികയിലെ നിയമനം സംബന്ധിച്ച് ശ്രീ. വി. എം. മുജീബ് റഹ്മാൻ സമർപ്പിച്ച ഹർജി-സംബന്ധിച്ച്

(ഫയൽ നമ്പർ 1973/ബി.സി.സി.2/10/നി.സെ.)

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ റിഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ് II (പ്രോസ്റ്റെറ്റിക്സ്) ഒഴിവിലേക്ക് ഹർജിക്കാരൻ അപേക്ഷിക്കുകയും പി.എസ്.സി. ഇന്റർവ്യൂ നടത്തി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുകയും എന്നാൽ പോസ്റ്റിംഗ് ലഭിക്കേണ്ട സമയം അടുത്തപ്പോൾ ഹർജിക്കാരന് യോഗ്യതയില്ല എന്ന കാരണത്താൽ ജോലിയിൽ പ്രവേശിക്കുന്നതിൽനിന്നും ഒഴിവാക്കിയതായും ഹർജിയിൽ പരാതിപ്പെട്ടിരുന്നു.

8-6-2010-ൽ ചേർന്ന സമിതിയോഗം ഹർജി പരിഗണിക്കുകയും ഹർജിയിന്മേൽ റിപ്പോർട്ട് ആവശ്യപ്പെടാനും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മാത്രമായി റിഹാബിലിറ്റേഷൻ ടെക്നീഷ്യൻ കോഴ്സ് അനുവദിച്ച സാഹചര്യത്തിൽ സംവരണമുള്ള മറ്റു സമുദായങ്ങൾക്ക് ഈ തസ്തികയിലേക്കുള്ള നിയമനങ്ങളിൽ പ്രാതിനിധ്യം കിട്ടാനുള്ള മാർഗ്ഗമെന്താണെന്നും മെഡിക്കൽ കോളേജിന് പുറമെ മറ്റെവിടെയെങ്കിലും ഈ കോഴ്സ് നടത്തുന്നുണ്ടോ എന്ന് ആരായുവാനും നിർദ്ദേശിച്ചു. ഇതിന് മറുപടിയായി 12-8-2013-ലെ 40442/ബി2/2010/ആകുവ. നമ്പർ കത്തുപ്രകാരം ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും ലഭിച്ച മറുപടി ചുവടെ ചേർക്കുന്നു:

"മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ റിഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ് II (പ്രോസ്റ്റെറ്റിക്സ്) തസ്തികയിലെ നിയമനം സംബന്ധിച്ച് ശ്രീ. വി. എം. മുജീബ് റഹ്മാൻ സമർപ്പിച്ച ഹർജി പിന്നോക്കസമുദായ ക്ഷേമ സമിതി പരിഗണിക്കുകയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മാത്രമായി റിഹാബിലിറ്റേഷൻ ടെക്നീഷ്യൻ (പ്രോസ്റ്റെറ്റിക്സ്) കോഴ്സ് അനുവദിച്ചിരിക്കുന്ന സാഹചര്യത്തിൽ സംവരണമുള്ള മറ്റ് സമുദായങ്ങൾക്ക് പ്രസ്തുത തസ്തികയിലേക്കുള്ള നിയമനങ്ങളിൽ പ്രാതിനിധ്യം ഉണ്ടാകാനിടയില്ലെന്ന് വിലയിരുത്തുകയും ഉണ്ടായി. മെഡിക്കൽ കോളേജിനുപുറത്ത് മറ്റെവിടെയെങ്കിലും ഈ കോഴ്സ് നടത്തുന്നുണ്ടോയെന്നും ഈ തസ്തികയിലേക്ക് സംവരണ സമുദായങ്ങൾക്ക് പ്രാതിനിധ്യം കിട്ടാനുള്ള മാർഗ്ഗമെന്താണെന്നും സമിതി ആരാഞ്ഞു.

ശ്രീ. മുജീബ് റഹ്മാൻ തന്റെ നിവേദനത്തിൽ, ശ്രീ. ധർമ്മരാജന് റിഹാബിലി റ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ് II ആയി നിയമനം നല്കിയതുപോലെ തന്നെയും പരിഗണിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ ശ്രീ. ധർമ്മരാജനുണ്ടായിരുന്ന

വിദ്യാഭ്യാസ യോഗ്യതകൾ ശ്രീ. മുജീബ് റഹ്മാനില്ലായിരുന്നു. ഇക്കാരണത്താൽ ശ്രീ. മുജീബ് റഹ്മാന്റെ ആവശ്യം സർക്കാർ നിരസിച്ചിട്ടുള്ളതാണ്.

1-12-1973-ലെ ജി.ഒ. (എംഎസ്.) 286/73/ഹെൽത്ത് പ്രകാരം തിരുവനന്തപുരം മെഡിക്കൽ കോളേജിലെയോ മറ്റ് അംഗീകൃത സ്ഥാപനങ്ങളിലെയോ പ്രോസ്തെറ്റിക്/ ഓർത്തോട്ടിക്/ലെതർ വർക്ക് ട്രെയിനിംഗ് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയത് റിഹാബിലിറ്റേഷൻ ടെക്നീഷ്യന് അപേക്ഷിക്കേണ്ട നിശ്ചിത യോഗ്യതയായി കണക്കാക്കും. ഇതുകൂടാതെ 26-3-2013-ലെ സ.ഉ. (എംഎസ്.) നമ്പർ 109/13/ആകുവ. പ്രകാരം റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ് II-ന്റെ യോഗ്യത ഭേദഗതി ചെയ്ത് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ഇതുപ്രകാരം റിഹാബിലിറ്റേഷൻ കൗൺസിൽ ഇന്ത്യയുടെ അംഗീകാരമുള്ള സ്ഥാപനങ്ങളിലെ പ്രോസ്തെറ്റിക്സ്/ഓർത്തോട്ടിക്സ് സർട്ടിഫിക്കറ്റ് കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നതും റിഹാബിലിറ്റേഷൻ ടെക്നീഷ്യന് അപേക്ഷിക്കേണ്ട നിശ്ചിത യോഗ്യതയായി കണക്കാക്കാം. പ്രസ്തുത ഉത്തരവ് പ്രകാരം റീഹാബിലിറ്റേഷൻ ടെക്നീഷ്യന്റെ പുതുക്കിയ യോഗ്യത ഇപ്രകാരമാണ് :

(1) Pass in S.S.L.C.

(2) Candidates who have completed certificate course in Prosthetics and Orthotics conducted in the institution recognized by the RCI.

OR

Bachelor Degree/Diploma in Prosthetics and Orthotics conducted by Institution recognized by the RCI.

In the absence of 1 and 2 above.

(3) Candidates who have successfully completed ITI trade carpentry, Sheet metal and Fitter. On appointment they will be considered trainee for one year and they will be given the salary of minimum of scale of pay of the post".

12-11-2013-ൽ ചേർന്ന സമിതിയോഗം ഈ മറുപടി പരിഗണിക്കുകയും സമിതി ആരാഞ്ഞ അധികവിവരത്തിന് വ്യക്തമായ മറുപടി നൽകണമെന്നും ഹർജിക്കാരൻ റിഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ് II (പ്രോസ്തെറ്റിക്സ്) തസ്തികയിലേക്ക് അപേക്ഷിച്ചിരുന്ന സമയത്ത് പ്രസ്തുത ജോലിക്ക് വേണ്ടിയിരുന്ന വിദ്യാഭ്യാസ യോഗ്യതകൾ എന്തായിരുന്നുവെന്നും ആരോഗ്യ കുടുംബക്ഷേമ വകുപ്പിനോട് ആരായുവാനും നിർദ്ദേശിക്കുകയുണ്ടായി. സമിതി നിർദ്ദേശത്തിന്മേൽ നടപടി റിപ്പോർട്ട് ആവശ്യപ്പെട്ടു കൊണ്ട് വകുപ്പിലേക്ക് കത്തും ഓർമ്മക്കുറിപ്പുകളും അയച്ചെങ്കിലും അന്തിമ റിപ്പോർട്ട് നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല.

6. പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ ഒരു എയ്ഡഡ് സ്കൂൾ അനുവദിക്കണമെന്ന അമൻ കൾച്ചറൽ എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന്റെ ഹർജി

(ഫയൽ നമ്പർ 4805/ബി.സി.സി.2/2010/ലെജി.)

സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന കോഴിക്കോട് പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ ഒരു എയ്ഡഡ് സ്കൂൾ അനുവദിക്കണമെന്നതാണ് അമൻ എഡ്യൂക്കേഷൻ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന്റെ ആവശ്യം.

പ്രസ്തുത ഹർജിയിന്മേൽ 21-1-2013-ലെ 12787/എഫ്1/2011/പൊ.വി. നമ്പർ കത്തുപ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

"വ്യക്തികളോ സംഘടനകളോ നൽകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്കൂളുകൾ അനുവദിക്കാൻ കെ.ഇ.ആർ.-ൽ വ്യവസ്ഥയില്ല. സർക്കാർ/എയ്ഡഡ് മേഖലയിൽ പുതുതായി സ്കൂളുകൾ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല. 2009-ൽ നിലവിൽവന്ന വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ ബാദ്ധ്യസ്ഥമാണ്. വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഓരോ പ്രദേശത്തിന്റെയും വിദ്യാഭ്യാസപരമായ ആവശ്യം വിലയിരുത്തി മാത്രമേ ഭാവിയിൽ സ്കൂളുകൾ അനുവദിക്കുന്നതിനും നിലവിലുള്ളവ ഉയർത്തുന്നതിനുമുള്ള തീരുമാനം എടുക്കാനാവുകയുള്ളൂ. സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിലെ വിദ്യാഭ്യാസ ആവശ്യം (Education need) വിലയിരുത്താനായി School Mapping നടത്തികൊണ്ടിരിക്കുകയാണ്. ആയത് പൂർത്തിയാക്കി ഒരോ പ്രദേശത്തിന്റെയും വിദ്യാഭ്യാസ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ കെ.ഇ.ആർ.-ലെ അദ്ധ്യായം V-ൽ റൂൾ 2, 2(A)-ൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചു മാത്രമേ സ്കൂളുകൾ അനുവദിക്കാൻ കഴിയുകയുള്ളൂ.

ഈ സാഹചര്യത്തിൽ കോഴിക്കോട് പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ അമൻ എഡ്യൂക്കേഷൻ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിൽ എയ്ഡഡ് പ്രൈമറി സ്കൂൾ അനുവദിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കാൻ കഴിയുകയില്ല".

3-7-2013-ൽ ചേർന്ന സമിതിയോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കുകയും ചെയ്തു.

7. ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ ജൂനിയർ (അറബിക്) റാങ്ക് ഹോൾഡേഴ്സ് കൺവീനർ ശ്രീ. എം. ഹംസ സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 5603/ബി.സി.സി.2/10/ലെജി.)

16-1-2008-ന് നിലവിൽവന്ന എച്ച്.എസ്.എസ്.ടി. ജൂനിയർ (അറബിക്) റാങ്ക് ലിസ്റ്റിൽനിന്നും, 104 ഒഴിവുകൾ നിലവിലുണ്ടെങ്കിലും, 56 ഉദ്യോഗാർത്ഥികളെ മാത്രമാണ് നിയമിച്ചിട്ടുള്ളതെന്നും എൻ.സി.എ. വിജ്ഞാപനപ്രകാരം നിയമനം നടത്താനുള്ള 35 ഒഴിവുകളിലേക്ക് രണ്ട് വർഷം കൊണ്ട് 24 പേർക്ക് മാത്രമാണ് നിയമനം

ലഭിച്ചിട്ടുള്ളതെന്നും എസ്.സി./എസ്.ടി. വിഭാഗത്തിനായി നീക്കിവെച്ചിട്ടുള്ള 8 ഒഴിവുകളിലേക്ക് ഒരിക്കൽക്കൂടി എൻ.സി.എ. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടും ഉദ്യോഗാർഥികളെ ലഭിക്കുന്നില്ലെങ്കിൽ നിലവിലുള്ള മെയിൻ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നൽകണമെന്നതുമാണ് ഹർജിയിലെ ആവശ്യം.

പ്രസ്തുത ഹർജിയിന്മേൽ 21-11-2011-ലെ 21651/ബി1/11/പൊ.വി.വ. നമ്പർ കത്തു പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കുകയും 8-8-2012-ൽ ചേർന്ന സമിതിയോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് മാറ്റിവയ്ക്കപ്പെടുന്ന എൻ.സി.എ. ഒഴിവുകളിൽ പ്രസ്തുത വിഭാഗം ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ മറ്റ് സംവരണ സമുദായങ്ങളിൽനിന്നും നിയമനം നടത്തുവാൻ നിലവിലെ നിയമം അനുവദിക്കുന്നുണ്ടോ എന്നുള്ളത് സംബന്ധിച്ച് വ്യക്തത വരുത്തി റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

എന്നാൽ എൻ.സി.എ. നിയമനങ്ങളുമായി ബന്ധപ്പെട്ട് വ്യക്തികളിൽനിന്നും സംഘടനകളിൽനിന്നും നിരവധി പരാതികൾ സമിതിക്ക് ലഭിച്ച സാഹചര്യത്തിൽ ഈ വിഷയം സംബന്ധിച്ച് ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ് സെക്രട്ടറിയിൽനിന്നും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരിൽനിന്നും 14-12-2011, 28-2-2013, 15-3-2013 എന്നീ തീയതികളിൽ തെളിവെടുപ്പ് നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സമിതി (2011-14)-യുടെ നാലാമത് റിപ്പോർട്ട് 2013 ഏപ്രിൽ 10-ാം തീയതി സഭയിൽ സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത റിപ്പോർട്ട് ഹർജിക്കാരന് അയച്ചുകൊടുക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുകയുമുണ്ടായി.

8. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് മുസ്ലീം എംപ്ലോയീസ് കൾച്ചറൽ അസോസിയേഷൻ (മെക്ക) മലപ്പുറം ജില്ലാ കമ്മിറ്റി സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 5604/ബി.സി.സി.2/10/നി.സെ.)

മെക്ക സമർപ്പിച്ച ഹർജിയിലെ ഒരു ആവശ്യം 'മലപ്പുറം ജില്ലയിലെ പ്രധാന വിളകളായ നേന്ത്രവാഴ കൃഷിക്കോ വെറ്റില കൃഷിക്കോ യാതൊരുവിധ ധനസഹായം ലഭിക്കുന്നില്ല' എന്നതാണ്. ഈ ആവശ്യത്തിന്മേൽ 17-5-2013-ലെ 22270/പി.ബി.1/2011/ കൃഷി നമ്പർ കത്തു മുഖേന കൃഷി വകുപ്പിൽനിന്നും ലഭിച്ച മറുപടി ഇപ്രകാരമായിരുന്നു:

"നേന്ത്രവാഴകൃഷിക്ക് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ വഴിയും ആർ.കെ.വി.വൈ. പദ്ധതി പ്രകാരമുള്ള കരാർ കൃഷിയിലും ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നുണ്ട്. വെറ്റില കൃഷിക്ക് കൃഷി വകുപ്പ് നിലവിൽ സഹായമൊന്നും ലഭ്യമാക്കുന്നില്ല. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ഇത്തരം വിളകൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇപ്പോൾ ടി

പദ്ധതി നിലവിലില്ല".

25-9-2013-ൽ ചേർന്ന സമിതിയോഗം കൃഷി വകുപ്പിന്റെ പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കാനും സ്പെഷ്യൽ പാക്കേജിലുൾപ്പെടുത്തി വെറ്റില കൃഷിയെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കൃഷി വകുപ്പിനോട് ശിപാർശ ചെയ്യാനും തീരുമാനിച്ചതനുസരിച്ച് കത്തും ഓർമ്മക്കുറിപ്പുകളും അയച്ചെങ്കിലും അന്തിമ റിപ്പോർട്ട് നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല.

9. കോഴിക്കോട് സർവ്വകലാശാലയിൽനിന്നും ലഭിക്കാനുള്ള പെൻഷൻ ആനുകൂല്യങ്ങൾക്കുവേണ്ടി ശ്രീ. പി. ഗോപാലൻ, എൻ. പി. മുഹമ്മദ് കുട്ടി എന്നിവർ സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 5605/ബി.സി.സി.2/10/നി.സെ.)

കോഴിക്കോട് സർവ്വകലാശാലയിൽനിന്നും ലഭിക്കാനുള്ള പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നും പെൻഷൻ നിർണ്ണയിച്ചതിലുള്ള അപാകത പരിഹരിക്കണമെന്നുമാണ് ഹർജിക്കാരുടെ ആവശ്യം. പ്രസ്തുത ഹർജികളിന്മേൽ 15-12-2012-ൽ ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ് 12633/ബി1/12/ഉ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"ശ്രീ. എം. പി. മുഹമ്മദ് കുട്ടി കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ 22 വർഷം ലൈബ്രറി അസിസ്റ്റന്റായി ജോലി ചെയ്തശേഷം 30-6-2006-ൽ വിരമിച്ചു. എന്നാൽ ഇതുവരെയും പെൻഷൻ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല. ശ്രീ. പി. ഗോപാലൻ 8-4-1976 മുതൽ 30 വർഷത്തെ ലൈബ്രറി അസിസ്റ്റന്റായുള്ള സേവനത്തിനുശേഷം 31-12-2006-ൽ വിരമിച്ചു. അദ്ദേഹത്തിനും പെൻഷൻ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല.

ശ്രീ. എം. പി. മുഹമ്മദ് കുട്ടി, ശ്രീ. പി. ഗോപാലൻ എന്നിവർ സമർപ്പിച്ച നിവേദനത്തിന്മേൽ കോഴിക്കോട് സർവ്വകലാശാലാ രജിസ്ട്രാറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. ശ്രീ. പി. ഗോപാലൻ, ശ്രീ. എം. പി. മുഹമ്മദ് കുട്ടി എന്നിവർ കോഴിക്കോട് സർവ്വകലാശാലയിൽനിന്നും ലൈബ്രറി അസിസ്റ്റന്റുമാരായി യഥാക്രമം 31-12-2006, 30-6-2006 എന്നീ തീയതികളിൽ സർവ്വീസിൽനിന്നും വിരമിച്ചു. ഇവരുടെ ശമ്പളനിർണ്ണയത്തിൽവന്ന അപാകതകയെ തുടർന്ന്, അധിക ശമ്പളം വാങ്ങിയതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് തടസ്സവാദമുന്നയിച്ചു. തുടർന്ന് ഇക്കാര്യം 24-3-2007-ലെ

സർവ്വകലാശാലാ സിൻഡിക്കേറ്റ് പരിഗണിക്കുകയും അധികമായി വാങ്ങിയ തുക തിരികെ പിടിക്കാൻ തീരുമാനിക്കുകയുമുണ്ടായി. ഈ തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ പ്രസ്തുത അധിക തുക തിരികെ പിടിച്ചു. എന്നാൽ പിന്നീട് തിരിച്ചുപിടിക്കൽ ഒഴിവാക്കുന്നതിനു വേണ്ടി അപേക്ഷകൾ ലഭിച്ചതിനെത്തുടർന്ന് 25-7-2007-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം ശ്രീ. പി. ഗോപാലൻ, ശ്രീ. എം. പി. മുഹമ്മദ് കുട്ടി എന്നിവരിൽനിന്ന് തിരികെ പിടിച്ച തുക തിരികെ നൽകാൻ തീരുമാനിച്ചു. ഈ തീരുമാനത്തെ തുടർന്ന് സമാനമായ ധാരാളം അപേക്ഷകൾ ലഭിക്കുകയുണ്ടായി. ഇതുമൂലം സർവ്വകലാശാലയ്ക്ക് വൻ സാമ്പത്തിക ബാദ്ധ്യത വരുമെന്നതിനാൽ 15-2-2008-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം ഇക്കാര്യം പുനഃപരിശോധിക്കുകയും ശ്രീ. ഗോപാലൻ ഉൾപ്പെടെയുള്ള വിരമിച്ച ജീവനക്കാർ, ശമ്പള നിർണ്ണയത്തിലെ അപാകം കാരണം അധികമായി വാങ്ങിയ തുക തിരികെ പിടിക്കാൻ തീരുമാനിക്കുകയും ചെയ്തു. അതനുസരിച്ച് ശ്രീ. പി. ഗോപാലൻ, എം. പി. മുഹമ്മദ് കുട്ടി എന്നിവർ അധികമായി വാങ്ങിയ തുക [യഥാക്രമം ₹ 49,537 (നാൽപ്പത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി മുപ്പത്തിയേഴ് രൂപ) ₹ 40,225 (നാൽപ്പതിനായിരത്തി ഇരുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ)] ടിയാളുടെ ഡി.സി.ആർ.ജി.-യിൽ നിന്ന് തിരികെ പിടിച്ചു.

31-12-2007-ൽ വിരമിച്ച ശ്രീ. വി. ഭരതൻ, 31-12-2005-ൽ വിരമിച്ച ശ്രീ. കെ. ഒ. സെയ്ദലവി എന്നിവർക്ക് ലാബ് അസിസ്റ്റന്റുമാരായി പ്രൊമോഷൻ നൽകിയപ്പോൾ അധികമായി നൽകിയ ഒരു അഡ്വാൻസ് ഇൻക്രിമെന്റ് തിരികെ പിടിക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ശിപാർശ ചെയ്തു. ഇക്കാര്യം പരിശോധിച്ച സിൻഡിക്കേറ്റ് ഓഡിറ്റ് തടസ്സം മറികടന്നുകൊണ്ട് അവർക്ക് ഒരു അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിക്കാൻ തീരുമാനിച്ചു.

ശ്രീ. പി. ഗോപാലൻ, ശ്രീ. എം. പി. മുഹമ്മദ് കുട്ടി എന്നിവർക്കെതിരെയും ശ്രീ. വി. ഭരതൻ, ശ്രീ. കെ. ഒ. സെയ്ദലവി എന്നിവർക്കെതിരേയും ഉന്നയിക്കപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ തികച്ചും വ്യത്യസ്തമാണെന്നും ഓരോ കേസിൻെറയും മെറിറ്റ് അടിസ്ഥാനത്തിലാണ് സിൻഡിക്കേറ്റ് തീരുമാനങ്ങളെന്നും രജിസ്ട്രാർ റിപ്പോർട്ട് ചെയ്യുന്നു. ആയതിനാൽ ശ്രീ. പി. ഗോപാലൻ, ശ്രീ. എം. പി. മുഹമ്മദ് കുട്ടി എന്നിവരുടെയും സമാനമായ മറ്റ് കേസുകളും പരിഗണിക്കേണ്ടതില്ലെന്ന് സിൻഡിക്കേറ്റ് തീരുമാനമെടുത്തു. മുകളിൽ സൂചിപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ശ്രീ. പി. ഗോപാലൻ, ശ്രീ. എം. പി. മുഹമ്മദ് കുട്ടി എന്നിവരുടെ നിവേദനങ്ങളിലെ ആവശ്യത്തിന്മേൽ സർക്കാർ തലത്തിൽ നടപടികൾ ആവശ്യമുള്ളതായി കാണുന്നില്ല".

പ്രസ്തുത റിപ്പോർട്ട് 5-6-2013-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും റിപ്പോർട്ടു വിവരം ഹർജിക്കാരെ അറിയിക്കുവാനും ശമ്പള നിർണ്ണയത്തിലെ അപാകം കാരണം ഹർജിക്കാർ അധികമായി വാങ്ങിയ തുക ഡി.സി.ആർ.ജി.യിൽനിന്നും തിരികെ പിടിക്കാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ശിപാർശയല്ലാതെ മറ്റെന്തൊക്കെ മാനദണ്ഡങ്ങളാണ് ബാധകമാക്കിയിട്ടുള്ളതെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് ആരായാനും തീരുമാനിച്ചു. അതനുസരിച്ച് കത്തും ഓർമ്മക്കുറിപ്പുകളും അയച്ചെങ്കിലും അന്തിമ റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

10. ഹയർ സെക്കന്ററി സ്കൂൾ ടീച്ചേഴ്സ് (മാത്തമാറ്റിക്സ്), ഹയർ സെക്കന്ററി സ്കൂൾ ടീച്ചേഴ്സ് (ഇക്കണോമിക്സ്) (സീനിയർ) എന്നീ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽനിന്നും അർഹതപ്പെട്ട നിയമനം നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. വാസുദേവൻ, വയനാട്, ശ്രീ. എ. നസീർഖാൻ എന്നിവർ സമർപ്പിച്ച ഹർജികൾ

(ഫയൽ നമ്പർ 5734/ബി.സി.സി.2/2011/ലെജി.)

(ഫയൽ നമ്പർ 1463/ബി.സി.സി.2/2012/ലെജി.)

ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ മാത്തമാറ്റിക്സ്, ഇക്കണോമിക്സ് എന്നീ വിഷയങ്ങളുടെ സീനിയർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടക്കാത്തതുമൂലം സംവരണ വിഭാഗത്തിലുൾപ്പെട്ട ഉദ്യോഗാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് അവസര നഷ്ടമുണ്ടായതായി പരാതിപ്പെട്ട് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ സമിതിക്ക് ഹർജി സമർപ്പിച്ചിരുന്നു. പ്രസ്തുത ഹർജികളിന്മേൽ സമിതി സർക്കാരിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും 23-1-2012, 28-3-2012, 11-4-2012, 26-4-2012, 16-5-2012 എന്നീ തീയതികളിൽ വിശദമായ തെളിവെടുപ്പ് നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സമിതി (2011-14)-യുടെ ശിപാർശകൾ അടങ്ങിയ റിപ്പോർട്ട് 11-7-2012-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. ഹർജിക്കാർ ആവശ്യപ്പെട്ട വിഷയത്തിൽ വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ഹർജിയിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിച്ചിട്ടുള്ളതുമാണ്.

11. വാട്ടർ അതോറിറ്റിയിലെ തന്റെ സർവ്വീസ് കാലാവധി പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കും പരിഗണിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സി. ബിജുകുമാർ, കാട്ടാക്കട സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 6371/ബി.സി.സി.2/2011/ലെജി.)

ശ്രീ. സി. ബിജുകുമാറിന്റെ ഹർജിയിന്മേൽ 22-10-2012-ലെ 5153/സി4/2012/

തൊഴിൽ നമ്പർ കത്തുമുഖേന തൊഴിലും പുനരധിവാസവും (സി) വകുപ്പിൽനിന്നും താഴെപ്പറയും പ്രകാരം മറുപടി ലഭിക്കുകയുണ്ടായി:

"മലയിൻകീഴ് ഐ.ടി.ഐ.യിലെ പ്യൂൺ ആയ ശ്രീ. ബിജുകുമാറിന് തന്റെ വാട്ടർ അതോറിറ്റിയിലെ സേവനകാലം പെൻഷനും മറ്റും പരിഗണിക്കണമെന്നുള്ള ആവശ്യമാണ് സമിതി മുമ്പാകെ സമർപ്പിച്ചിരുന്നത്. സർക്കാർ നിലവിലുള്ള ചട്ടങ്ങളുടെ അടിസ്ഥാന ത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽനിന്നും സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻകാല സർവ്വീസ്, സർക്കാർ സർവ്വീസിനൊപ്പം പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കും കണക്കുകൂട്ടുന്നതിന് നിലവിൽ വ്യവസ്ഥകളില്ല. കേരള വാട്ടർ അതോറിറ്റി ഒരു സ്വയംഭരണ സ്ഥാപനമായതിനാൽ ശ്രീ. ബിജുകുമാറിന്റെ ടി സ്ഥാപനത്തിലെ മുൻകാല സേവനകാലം പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുവാൻ ആയതിനാൽ നിർവ്വാഹമില്ല ".

പ്രസ്തുത മറുപടി 27-5-2013-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത മറുപടി ഹർജിക്കാരനെ അറിയിച്ചിട്ടുണ്ട്.

12. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് എസ്.എൻ.ഡി.പി. യോഗം പിലാത്തറ ശാഖാ സെക്രട്ടറി സമർപ്പിച്ച നിവേദനം സംബന്ധിച്ച്

(ഫയൽ നമ്പർ 1256/ബി.സി.സി.2/12/നി.സെ.)

പ്രസ്തുത നിവേദനത്തിലെ 'മാറാക്കര, ആതവനാട് പഞ്ചായത്ത് ഉൾപ്പെടെയുള്ള എല്ലാ പഞ്ചായത്തുകളിലും ആധുനിക രീതിയിലുള്ള പൊതുശ്മശാനം നിർമ്മിക്കുക' എന്ന ആവശ്യത്തിന്മേൽ 11-3-2013-ൽ റവന്യൂ (ജി) വകുപ്പിൽനിന്നും 39268/ജി2/12/റവന്യൂ നമ്പർ കത്തുപ്രകാരം ലഭിച്ച മറുപടി ഇപ്രകാരമായിരുന്നു: "മാറാക്കര ഗ്രാമപഞ്ചായത്തിൽ മാറാക്കര വില്ലേജിൽ സർവ്വേ 291-ൽപ്പെട്ടതും ടി ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ളതു മായ 90 സെന്റ് ഭൂമിയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടുകൂടിയും ആതവനാട് ഗ്രാമപഞ്ചായത്തിൽ കുറുമ്പത്തൂർ വില്ലേജിൽ റീസർവ്വേ 286/3-ൽപ്പെട്ട 49 സെന്റ് പട്ടികജാതി ശ്മശാനത്തിനുവേണ്ടിയുള്ള സ്ഥലത്ത് പൊതുശ്മശാനം നിർമ്മിക്കുന്ന തിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും എല്ലാ പഞ്ചായത്തുകളിലും ആധുനിക രീതിയിലുള്ള ശ്മശാനം നിർമ്മിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുമാണ് തീരുമാനങ്ങൾ ഉണ്ടാകേണ്ടത് ".

പ്രസ്തുത റിപ്പോർട്ട് 27-8-2013-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും മലപ്പുറം ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും ആധുനിക രീതിയിലുള്ള പൊതുശ്മശാനം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നതായി അറിയിച്ചിരിക്കുന്നതിനാൽ പ്രസ്തുത ആവശ്യത്തിനായി ഭൂമി ലഭ്യമായിട്ടുണ്ടോ; ഇതിന് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നീ വിവരങ്ങൾ ഉൾപ്പെടെ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച് വിശദാംശങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുകയുണ്ടായി. സമിതി നിർദ്ദേശം അറിയിച്ചുകൊണ്ട് വകുപ്പിലേക്ക് കത്തും ഓർമ്മക്കുറിപ്പുകളും അയച്ചെങ്കിലും അന്തിമ റിപ്പോർട്ട് നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല.

13. എച്ച്.എസ്.എ. (ഹിന്ദി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം ആവശ്യപ്പെട്ട് ശ്രീമതി രശ്മിണി, കെ., മീനങ്ങാടി സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 3306/ബി.സി.സി.2/2012/ലെജി.)

വയനാട് ജില്ലയിൽ 5-3-2010-ൽ നിലവിൽവന്ന എച്ച്.എസ്.എ. (ഹിന്ദി) റാങ്ക് ലിസ്റ്റിൽ 37-ാം റാങ്കുകാരിയായ ഹർജിക്കാരിക്ക് നിലവിലുള്ള 22-ൽ അധികം ഒഴിവുകളിൽ 12 ഒഴിവുകൾ കൂടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്താൽ ജോലി ലഭിക്കുമെന്നും ആയതിനാൽ ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നുമാണ് ഹർജിയിലെ ആവശ്യം.

പ്രസ്തുത ഹർജിയിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും 23-2-2013-ലെ 41128/കെ2/2012/പൊ.വി.വ. നമ്പർ കത്തുപ്രകാരം ലഭിച്ച റിപ്പോർട്ട് താഴെക്കൊടുക്കുന്നു:

"വയനാട് ജില്ലയിൽ എച്ച്.എസ്.എ. (ഹിന്ദി) തസ്തികയിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 5-3-2010-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും നേരിട്ടുള്ള വിഭാഗത്തിൽനിന്നും 17 പേരുൾപ്പെടെ ആകെ 24 പേർക്ക് 29-9-2011 വരെ നിയമനോപദേശം നൽകിയിട്ടുണ്ട്. എന്നാൽ തുടർന്ന് അഞ്ച് വർഷത്തെ ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞ് തിരിച്ചെത്തിയ അദ്ധ്യാപകരെ പുനർനിയമിച്ചതിനാൽ വയനാട് ജില്ലയിൽ നിലവിൽ എച്ച്.എസ്.എ. (ഹിന്ദി) തസ്തികയുടെ ഒഴിവുകൾ ഒന്നുംതന്നെ നിലവിലില്ല എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ ഒഴിവുകൾ

വരുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്".

പ്രസ്തുത റിപ്പോർട്ട് 21-8-2013-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയുമുണ്ടായി. റിപ്പോർട്ട് വിവരം ഹർജിക്കാരിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

14. പി.എസ്.സി.യുടെ എൽ.ഡി.സി. നിയമനങ്ങളിലെ അടിസ്ഥാന യോഗ്യത ഉയർത്തിയത് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് തൃശ്ശൂർ ഘടകം സമർപ്പിച്ച ഹർജി-സംബന്ധിച്ച്

(ഫയൽ നമ്പർ 4362/ബി.സി.സി.2/12/ലെജി.)

പ്രസ്തുത ഹർജിയിന്മേൽ 10-12-2012-ലെ 18980/ആർ2/ഉഭപവ. നമ്പർ കത്ത് പ്രകാരം ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പിൽനിന്നും ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശിപാർശ പ്രകാരമാണ് വിവിധ തസ്തികകളുടെ അടിസ്ഥാന യോഗ്യതകളിൽ ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ നിലവാരം പരിഗണിച്ചും സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി തസ്തികകളുടെ യോഗ്യതകൾ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. ഏതെങ്കിലും തസ്തികയുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ഉയർത്തിയതുകൊണ്ട്, ഏതെങ്കിലും സമുദായത്തിന് സർക്കാർ സർവ്വീസിൽ അർഹമായ പ്രാതിനിധ്യം ഇല്ലാതാകുമെന്നോ ഏതെങ്കിലും സമുദായത്തെ മാത്രം ദോഷകരമായി ബാധിക്കുമെന്നോ കരുതാനാകില്ല. കൂടാതെ ഒരു സമുദായത്തിന് അർഹതപ്പെട്ട സംവരണ ആനുകൂല്യം ആ സമുദായത്തിന് തന്നെ ലഭിക്കത്തക്ക രീതിയിൽ, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശ പ്രകാരം കെ.എസ്. ആന്റ് എസ്.എസ്.ആർ.-ലെ സംവരണ ചട്ടങ്ങളിൽ ഭേദഗതിയും വരുത്തിയിട്ടുണ്ട്. അതായത് ഒരു നിശ്ചിത സമുദായത്തിന് നീക്കിവച്ച ഒഴിവിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്തപക്ഷം, ആ ഒഴിവ്, ആ സമുദായത്തിലെ ഉദ്യോഗാർത്ഥികൾക്ക് മാത്രമായി വിജ്ഞാപനം (എൻ.സി.എ.) ചെയ്യേണ്ടതും ലഭ്യമായ യോഗ്യരായ ഉദ്യോഗാർത്ഥികളിൽനിന്നും ഒഴിവ് നികത്തേണ്ടതുമാണ്. മേൽ

സാഹചര്യത്തിൽ, യോഗ്യതാ പരിഷ്കരണവുമായി ബന്ധപ്പെട്ട് നിവേദനത്തിലെ ആശങ്ക അടിസ്ഥാനമില്ലാത്തതാണ് ".

പ്രസ്തുത മറുപടി 1-1-2013-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും ഈ വിഷയത്തിന്മേൽ ഉദ്യോഗസ്ഥഭരണപരിഷ്കാരം, പിന്നോക്കസമുദായ വികസനം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പു സെക്രട്ടറിമാരിൽനിന്നും തെളിവെടുപ്പ് നടത്തുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 28-2-2013, 15-3-2013 എന്നീ തീയതികളിൽ തെളിവെടുപ്പ് നടത്തുകയുമുണ്ടായി. സമിതിയുടെ വിവിധ ജില്ലകളിലെ സന്ദർശന യോഗങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിലും തെളിവെടുപ്പ് യോഗത്തിൽ സമർപ്പിക്കപ്പെട്ട റിപ്പോർട്ടുകളുടെയും വിശദാംശങ്ങളുടെയും അടിസ്ഥാനത്തിലും സമിതിയുടെ (2011-14) ശിപാർശകൾ അടങ്ങിയ മൂന്നാമത് റിപ്പോർട്ട് 10-4-2013-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്യുക യുണ്ടായി. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പും ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പിന്റെ മറുപടിയും ഹർജിക്കാരന് അയച്ചു കൊടുക്കുകയും ഫയൽ നടപടികൾ അവസാനിപ്പി ക്കുകയും ചെയ്തു.

15. കേരള ഹൗസിൽ (ന്യൂ ഡൽഹി) ജോലി നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. വി. എം. കുഞ്ഞമ്പു സമർപ്പിച്ച ഹർജി-സംബന്ധിച്ച്

(ഫയൽ നമ്പർ 4375/ബി.സി.സി.2/12/നി.സെ.)

ന്യൂ ഡൽഹി കേരള ഹൗസിൽ ബെയറർ തസ്തികയിൽ ദിവസ വേതനാടി സ്ഥാനത്തിൽ ജോലി ചെയ്തിരുന്ന 27 പേരെ സ്ഥിരപ്പെടുത്തിയപ്പോൾ ഹർജിക്കാരനെ ഒഴിവാക്കിയെന്നും നിയമനങ്ങളിൽ മുസ്ലീം സംവരണം പാലിക്കപ്പെട്ടിട്ടില്ലെന്നതുമായിരുന്നു ഹർജിയിലെ പരാതി. പ്രസ്തുത ഹർജിയിന്മേൽ 4-5-2013-ലെ 13924/പോൾ4/2013/ പൊ.ഭ.വ. നമ്പർ കത്തുപ്രകാരം പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിൽനിന്നും ലഭിച്ച മറുപടി ചുവടെ ചേർക്കുന്നു:

"കേരള ഹൗസിൽ ദിവസവേതനാടിസ്ഥാനത്തിൽ ബെയററായി ജോലി ചെയ്തു വന്നിരുന്ന ശ്രീ. വി. എം. കുഞ്ഞമ്പു കേരള ഹൗസിലെ ജോലിയിൽനിന്നും പിരിച്ചുവിട്ടു എന്നു കാണിച്ച് ബഹു. ഹൈക്കോടതി മുമ്പാകെ WP(C) No. 37191/2007 ആയി കേസ് ഫയൽ ചെയ്യുകയും ശ്രീ. വി. എം. കുഞ്ഞമ്പുവിന്റെ പരാതിയിന്മേൽ രണ്ടുമാസത്തിനകം തീരുമാനമെടുക്കണമെന്ന് 17-12-2007-ൽ കോടതി ഉത്തരവിടുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ റസിഡന്റ് കമ്മീഷണർ 20-2-2008-ലും 4-3-2008-ലും ഹിയറിങ് നടത്തുകയും അദ്ദേഹം ഹാജരാകാത്തതിനാൽ പരാതി പരിശോധിച്ച് അതിൽ കഴമ്പില്ലെന്ന് കണ്ടെത്തി 11-3-2008 തീയതിയിലെ ഉത്തരവ് 173/സി 3/2008/കെ.എച്ച്. പ്രകാരം പരാതി നിരസിച്ച് തീർപ്പാക്കുകയുമാണുണ്ടായത്.

കേരള ഹൗസിൽ ശ്രീ. വി. എം. കുഞ്ഞമ്പുവിന് ജോലി നിഷേധമോ പീഡനമോ ഒന്നും ഉണ്ടായിട്ടില്ല. സ്ഥിരം ജീവനക്കാരിൽ ചിലർ അവധിയിൽ പ്രവേശിക്കുന്ന സാഹചര്യത്തിൽ അല്ലെങ്കിൽ സ്ഥിരം ജീവനക്കാർ പിരിഞ്ഞു പോകുന്ന ഒഴിവിൽ പുതിയ സ്ഥിരം ജീവനക്കാരെ നിയമിക്കുന്ന കാലയളവുവരെ കേരള ഹൗസിന്റെ പ്രവർത്തനം തടസ്സപ്പെടാതിരിക്കാനാണ് ദിവസവേതനക്കാരെ ജോലിക്ക് വയ്ക്കുന്നത്. ആയതിനാൽ 2005-ൽ ദിവസവേതനത്തിൽ ജോലിചെയ്തിരുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ 8 വർഷം കഴിഞ്ഞ് ടിയാനെ വീണ്ടും നിയമിക്കണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ല ".

23-7-2013-ൽ ചേർന്ന സമിതിയോഗം പ്രസ്തുത മറുപടി പരിഗണിക്കുകയും കേരള ഹൗസിൽ സ്ഥിരനിയമനം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്രപേർ ജോലിചെയ്യുന്നുണ്ടെന്നും ഇപ്പോൾ താൽക്കാലിക ജീവനക്കാരായി എത്ര പേരുണ്ടെന്നും അവരുടെ നിയമന രീതി എങ്ങനെയാണെന്നും നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നുണ്ടോയെന്നും അവരെ സ്ഥിരപ്പെടുത്താറുണ്ടോയെന്നും ബന്ധപ്പെട്ട വകുപ്പിനോട് ആരായുവാൻ നിർദ്ദേശിക്കുകയുമുണ്ടായി. സമിതി നിർദ്ദേശപ്രകാരമുള്ള അധിക വിവരങ്ങൾ ആരാഞ്ഞുകൊണ്ട് പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിലേക്ക് കത്തും ഓർമ്മക്കുറിപ്പുകളും അയച്ചെങ്കിലും അന്തിമ റിപ്പോർട്ട് നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല.

16. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള യാദവ സേവാ സമിതി, മാനന്തവാടി വയനാട് സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 342/ബി.സി.സി.2/13/ലെജി.)

യാദവ സമുദായത്തിലെ ഉപവിഭാഗമായ 'എരുമക്കാർ' എന്നറിയപ്പെടുന്ന സമൂഹം അധിവസിക്കുന്ന മേഖലകളിൽ 'കുടിവെള്ളക്ഷാമ പരിഹാരത്തിന് കിണറുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ അനുവദിക്കുകയോ പൊതുടാപ്പുകൾ അനുവദിക്കുകയോ ചെയ്യുക' എന്ന ആവശ്യത്തിന്മേൽ 27-5-2013-ലെ 28396/എഫ്എ 3/2013 ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും കിണറുകളും പൊതു ടാപ്പുകളും സ്ഥാപിക്കുന്നതിന് പ്രത്യേക ശ്രദ്ധ വേണമെന്ന് പൊതു നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പദ്ധതി നിർവ്വഹണത്തിൽ ഇക്കാര്യം ശ്രദ്ധിച്ചുവരുന്നു ".

പ്രസ്തുത മറുപടി പരിഗണിച്ച 22-10-2013-ലെ സമിതി യോഗം ഏതെങ്കിലും പദ്ധതിയിൽപ്പെടുത്തി ബന്ധപ്പെട്ട മേഖലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് നിർദ്ദേശം

നൽകാൻ തീരുമാനിക്കുകയും ചെയ്തു. സമിതിയുടെ പ്രസ്തുത നിർദ്ദേശം 20-2-2014-ലെ കത്തുപ്രകാരം വയനാട് ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്.

17. കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൽനിന്നും സി.ബി.സി. സ്കീം പ്രകാരം എടുത്ത വായ്പ തീർപ്പാക്കി കിട്ടുന്നതിനുവേണ്ടി ശ്രീ. അബ്ദുള്ള ഷമീം, കോഴിക്കോട് സമർപ്പിച്ച ഹർജി-സംബന്ധിച്ച്

(ഫയൽ നമ്പർ 2683/ബി.സി.സി.2/13/നി.സെ.)

"ശ്രീ. അബ്ദുള്ള ഷമീം സമർപ്പിച്ച ഹർജിയിന്മേൽ 11-9-2013-ലെ 20375/കെ1/2013/ വ്യവ. നമ്പർ കത്തുപ്രകാരം വ്യവസായ വകുപ്പിൽനിന്നും ലഭിച്ച മറുപടി താഴെപ്പറയും പ്രകാരമായിരുന്നു:

"ശ്രീ. അബ്ദുള്ള ഷമീം, കണ്ടോത്ത് വീട്, പറമ്പിൽ പി. ഒ., കോഴിക്കോട് എന്നയാൾ ഖാദി ബോർഡിൽനിന്നും സി.ബി.സി. വായ്പ പദ്ധതിപ്രകാരം റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനായി 8,10,000 രൂപ വായ്പ എടുത്തിരുന്നു. വായ്പക്കാരൻ വായ്പ തുക പൂർണ്ണമായി പിൻവലിച്ച് യൂണിറ്റ് സ്ഥാപിച്ചെങ്കിലും തിരിച്ചടവിൽ കുടിശ്ശിക വന്നതിനെ തുടർന്ന് മാർജിൻ മണി ഉൾപ്പെടെയുള്ള വായ്പാ തുകയും പലിശയും പിഴപ്പലിശയും ഉൾപ്പെടെ 16,42,080 രൂപ ഈടാക്കുന്നതിനായി 4-2-2003-ൽ റവന്യൂ റിക്കവറി ശിപാർശ ചെയ്തു. ഇതിനെതിരെ, തന്നിൽ ചുമത്തിയിട്ടുള്ള ബാദ്ധ്യത തുകയും പലിശ നിരക്കും പുനഃപരിശോധിച്ച് തുക അടയ്ക്കുന്നതിന് റവന്യൂ റിക്കവറി നടപടി അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. അബ്ദുള്ള ഷമീം ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ 33945/2003-നമ്പരായി ഹർജി സമർപ്പിക്കുകയും ഹർജിക്കാരൻ ഒരു മാസത്തിനുള്ളിൽ 1 ലക്ഷം രൂപയായി അടയ്ക്കണമെന്നും അതിനുശേഷം ഹർജിക്കാരന്റെ ആവശ്യം പരിഗണിക്കണമെന്നുമുള്ള ഉത്തരവോടുകൂടി ഹർജി 29-10-2003-ൽ തീർപ്പാക്കുകയും ചെയ്തു. ആയതിൻപ്രകാരം വായ്പക്കാരൻ റവന്യൂ കളക്ഷൻ ചാർജ് ഒഴികെ 95,000 രൂപ അടയ്ക്കുകയും ചെയ്തു. എന്നാൽ ഹർജിക്കാരൻ കോടതി വിധിപ്പകർപ്പ് യഥാസമയം ലഭ്യമാക്കാത്തതിനാൽ വിധിപ്രകാരം കണക്ക് പുനഃപരിശോധിക്കണമെന്ന ഉത്തരവ് നടപ്പിലാക്കുകയുണ്ടായില്ല. ബോർഡിൽനിന്നും വായ്പ എടുത്ത് പ്രവർത്തിക്കുന്ന യൂണിറ്റുകൾ നിശ്ചിതകാലം പ്രവർത്തിച്ചിരിക്കണമെന്നും തിരിച്ചടവ് മുടക്കം വരുത്തരുതെന്നും ഉള്ള വ്യവസ്ഥ പാലിച്ചാൽ മാത്രമേ മാർജിൻ മണി വായ്പ ഗ്രാന്റായി പരിഗണിയ്ക്കാൻ കഴിയുകയുള്ളൂ എന്നതിന്റെ അടിസ്ഥാനത്തിൽ ശ്രീ. അബ്ദുള്ള ഷമീമിന്റെ വ്യവസായസംരംഭ യൂണിറ്റ് നിശ്ചിത കാലം പ്രവർത്തിച്ചില്ല എന്നതിനാൽ മാർജിൻ മണി വായ്പ ഉൾപ്പെടെയുള്ള തുക കൂടി കണക്കാക്കിയാണ് റവന്യൂ റിക്കവറി നടപടി ശിപാർശ ചെയ്തിരുന്നത്. മാർജിൻ മണി വായ്പ തുക ഉൾപ്പെടെയുള്ള തുകയ്ക്ക് പലിശയും പലിശപ്പിഴയും കണക്കാക്കിയ തുകയ്ക്ക് റവന്യൂ റിക്കവറി ത്വരിതപ്പെടുത്താൻ നടപടി സ്വീകരിച്ചപ്പോൾ പരാതിക്കാരൻ ഇതിനെതിരെ കോടതിയിൽ പോകുകയും ബോർഡ് ഡിമാന്റ് ചെയ്ത തുക 3/2008 മുതൽ 6 തുല്യ ഗഡുക്കളായി അടയ്ക്കണമെന്ന വ്യവസ്ഥയോടുകൂടി 2/2008-ൽ ഉത്തരവുണ്ടാവുകയും ചെയ്തിട്ടുള്ളതാണ്. ആയതിൻപ്രകാരം 3/08-ലും 4/08-ലും 95,000-വും 1,25,029 രൂപ വീതവും അടയ്ക്കുകയും അദ്ദേഹത്തിന് അനുവദിച്ച മാർജിൻ മണി വായ്പ തുക 4,09,500 രൂപ ഗ്രാന്റായി പരിഗണിച്ച് ബാധ്യത പുനഃപരിശോധിക്കണമെന്നാവശ്യ

പ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മാർജിൻ മണി തുക ഗ്രാന്റാക്കി മാറ്റി ബാദ്ധ്യത പുനഃനിർണ്ണയിച്ച് 10-6-2008-ൽ പരാതിക്കാരന് അറിയിപ്പ് നൽകുകയും പിന്നീട് പരാതിക്കാരന്റെ വക്കീൽ മുഖാന്തിരം നൽകിയ അപേക്ഷ പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽപ്പെടുത്തി പിഴപ്പലിശ ഒഴിവാക്കിയുള്ള ബാദ്ധ്യത തുക അറിയിക്കുകയും ചെയ്തിട്ടുണ്ടെന്ന് ഖാദി ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പരാതിക്കാരൻ ഇതുവരെ 8,50,395 രൂപ അടച്ച തീർത്തിട്ടുണ്ട്. 31-7-2013-ലെ കണക്ക് പ്രകാരം ബാദ്ധ്യത തുക പിഴപ്പലിശ ഒഴിവാക്കി ഒറ്റത്തവണയായി അടയ്ക്കുകയാണെങ്കിൽ ഇനിയും 8,69,005 രൂപ കൂടി അടയ്ക്കാനുണ്ട്. സംസ്ഥാന സർക്കാർ ഗ്യാരന്റിയിൽ കേന്ദ്ര ഖാദി കമ്മീഷനിൽനിന്നും വാങ്ങി വിതരണം ചെയ്തിട്ടുള്ള വായ്പ തുക അതതു സമയം ബാധകമാക്കിയിട്ടുള്ള പലിശ ഉൾപ്പെടെ തിരിച്ചടയ്ക്കാൻ ബോർഡ് ബാദ്ധ്യസ്ഥമാണെന്നും അതിനാൽ പരാതിക്കാരൻ ആവശ്യപ്പെടുന്നതുപോലെ ഈ വായ്പയിൽ പലിശയും പിഴപ്പലിശയും ഒഴിവാക്കി നൽകാൻ വ്യവസ്ഥയില്ലായെന്നും ഖാദി ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ഇതിൻപ്രകാരം 30-9-2013 വരെ നിലനിൽക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രയോജനപ്പെടുത്തി പിഴപ്പലിശ ഒഴികെയുള്ള തുക അടച്ച് ബാദ്ധ്യത തീർക്കാവുന്നതാണെന്ന് 31-8-2013-ലെ 20375/കെ1/13/വ്യവ. നമ്പർ കത്തുപ്രകാരം ശ്രീ. അബ്ദുള്ള ഷമീമിനെ അറിയിച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു."

22-10-2013-ൽ ചേർന്ന സമിതിയോഗം പ്രസ്തുത മറുപടി പരിഗണിക്കുകയും ഹർജിയിൽ പറഞ്ഞിട്ടുള്ള പ്രകാരം കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൽനിന്നും സി.ബി.സി. സ്കീം പ്രകാരം വായ്പ എടുത്തിട്ടുള്ള സമാന കേസ്സുകളിൽ പരാതിക്കാർക്ക് പലിശയും പിഴപ്പലിശയും ഒഴിവാക്കിക്കൊണ്ട് ആനുകൂല്യം നൽകുകയും എന്നാൽ ഹർജിക്കാരന് പ്രസ്തുത ആനുകൂല്യം നിഷേധിക്കുകയും ചെയ്തതായി കാണുന്നതിനാൽ ഇക്കാര്യത്തിൽ വ്യവസായ വകുപ്പ് അടിയന്തരമായി വിശദീകരണം നൽകുവാൻ നിർദ്ദേശിക്കുകയുമുണ്ടായി. സമിതി നിർദ്ദേശ പ്രകാരം വ്യവസായ വകുപ്പിലേക്ക് കത്തും ഓർമ്മക്കുറിപ്പുകളും അയച്ചെങ്കിലും അന്തിമ റിപ്പോർട്ട് നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല.

സി. മമ്മൂട്ടി,
*അദ്ധ്യക്ഷൻ,*
*പിന്നോക്കസമുദായ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2014 നവംബർ 25.